പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>തൊഴിലുറപ്പ് പദ്ധതിയനുസരിച്ച് 100 ദിവസം തൊഴിൽ ചെയ്ത വനിതകൾക്ക് ധന സഹായം</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2966

21.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ആർ. സെൽവരാജ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് തൊഴിലുറപ്പ് പദ്ധതിയനുസരിച്ച് 100 ദിവസം തൊഴിൽ ചെയ്ത വനിതകൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകിയത്; വിശദമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 2011-12 സാമ്പത്തിക വർഷം 100 ദിവസം തൊഴിൽ ചെയ്ത വനിതകൾക്ക് 1000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ 2011-12 സാമ്പത്തിക വർഷം 100 ദിവസം പൂർത്തിയാക്കിയ സ്ത്രീ തൊഴിലാളികളുടെ കുടുംബത്തിലെ കുട്ടികൾക്ക് യൂണിഫോറവും പുസ്തകങ്ങളും വാങ്ങുന്നതിനാണ് 1000/- രൂപ വീതം ധനസഹായം നൽകിയിരുന്നത്. |
| (സി) | ഈയിനത്തിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; | (സി) | 10.46 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് |
| (ഡി) | ഇതിന്റെ ഗുണഭോക്താക്കൾ എത്രയായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | 104549 കുടുംബങ്ങൾ ഇതിന്റെ ഗുണഭോക്താക്കളായിരുന്നു. അർഹരായ കുടുംബങ്ങളുടെ എണ്ണവും അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങളും ജില്ലതിരിച്ച് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

| ക്രമ നം | ജില്ല | ധനസഹായത്തിന് അർഹരായ കുടുംബങ്ങളുടെ എണ്ണം | തുക (രൂപയിൽ) |
|---|---|---|---|
| 1 | പാലക്കാട് | 7656 | 7656000 |
| 2 | വയനാട് | 1791 | 1791000 |
| 3 | ഇടുക്കി | 8118 | 8118000 |
| 4 | കാസർഗോഡ് | 2491 | 2491000 |
| 5 | ആലപ്പുഴ | 9049 | 9049000 |
| 6 | എറണാകുളം | 14744 | 14744000 |
| 7 | കണ്ണൂർ | 3197 | 3197000 |
| 8 | കൊല്ലം | 8204 | 8204000 |
| 9 | കോട്ടയം | 3942 | 3942000 |
| 10 | കോഴിക്കോട് | 4101 | 4101000 |
| 11 | മലപ്പുറം | 7785 | 7785000 |
| 12 | പത്തനംതിട്ട | 2620 | 2620000 |
| 13 | തിരുവനന്തപുരം | 19935 | 19935000 |
| 14 | തൃശ്ശൂർ | 10916 | 10916000 |
| **ആകെ** | | **104549** | **104549000** |